**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1547** **19-09-2025 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സാക്ഷരതാ പാഠാവലി നിർമ്മാണത്തിൽ സംസ്ഥാനത്തിന്റെ സമീപനം മാതൃകയാക്കണമെന്ന് എൻ. സി. ഇ. ആർ. ടി. യോട് കേന്ദ്ര സർക്കാർ നിർദേശിക്കത്തക്ക വിധത്തിലുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | സ്വതന്ത്രമായ കരിക്കുലവും സിലബസും തയ്യാറാക്കിയാണ് സാക്ഷരതാമിഷൻ സാക്ഷരതാ പാഠാവലി തയ്യാറാക്കിയിട്ടുള്ളത്. മുതിർന്നവരുടെ ബോധനശാസ്ത്രത്തെ പരിപൂർണമായി അടിസ്ഥാനപ്പെടുത്തിയാണ് സാക്ഷരതാപാഠാവലി വികസിപ്പിച്ചിരിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സാക്ഷരതാപദ്ധതിയായ ഉല്ലാസ് - ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാമിന്റെ ഭാഗമായി 2025 ഫെബ്രുവരി 17, 18 തീയതികളിൽ ഹൈദ്രാബാദിൽ സംഘടിപ്പിച്ച നാലാം റീജ്യണൽ കോൺഫറൻസിൽ സാക്ഷരതാമിഷൻ തയ്യാറാക്കിയ സാക്ഷരതാപാഠാവലി പ്രയോജനപ്പെടുത്തി ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം നടപ്പിലാക്കി വിജയിപ്പിക്കുകയും, പ്രസ്തുത പദ്ധതിയിലൂടെ സാക്ഷരത കൈവരിക്കുന്നതിനായി കേരളം മുന്നോട്ടുവയ്ക്കുന്ന പ്രവർത്തനരീതികൾ (പാഠപുസ്തകം ഉൾപ്പെടെ) മറ്റ് സംസ്ഥാനങ്ങൾക്ക് കൂടി മാതൃകയാക്കാൻ ഉതകുന്നതാണെന്ന അഭിപ്രായവും ഉയർന്നു വരികയുണ്ടായി. |
| (ബി) | ഇതര സംസ്ഥാന തൊഴിലാളികൾ, ട്രാൻസ്ജെൻഡർ വിഭാഗങ്ങൾ, ആദിവാസികൾ എന്നിവർക്കായി നടത്തിയ സാക്ഷരതാ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | കേരളത്തിലെത്തുന്ന അതിഥി തൊഴിലാളികളെ മലയാളത്തിൽ ആശയവിനിമയത്തിന് പ്രാപ്തരാക്കുന്ന പദ്ധതിയാണ് 'ചങ്ങാതി' പദ്ധതി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി 2016-ൽ ആരംഭിച്ച ഈ പദ്ധതി 14 ജില്ലകളിലുമായി നിലവിൽ നാല് ഘട്ടങ്ങൾ പൂർത്തീകരിച്ചു. നാല് മാസമാണ് സാക്ഷരതാക്ലാസ്സിന്റെ പഠനകാലയളവ് സർവേയിലൂടെയാണ് പഠിതാക്കളെ കണ്ടെത്തുന്നത്. 2017 ആഗസ്റ്റ് 15-ന് എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ മാതൃകാ പദ്ധതി നടപ്പാക്കി മാറമ്പള്ളി എം.ഇ.എസ് കോളേജ് വിദ്യാർത്ഥികളും സന്നദ്ധപ്രവർത്തകരും ചേർന്ന് 27 വാർഡുകളിൽ സർവേ നടത്തുകയും 469 പേരെ ആദ്യഘട്ടത്തിൽ സാക്ഷരരാക്കുകയും ചെയ്തു.2018 |

| | | | |
|---|---|---|---|
| | | | മുതൽ ട്രാൻസ്ജൻഡർ വിഭാഗക്കാർക്കായി നടത്തിവരുന്ന തുടർ വിദ്യാഭ്യാസ പ ദ്ധതിയാണ് 'സമന്വയ', സാക്ഷരത, നാലാംതരം, ഏഴാംതരം, പത്താംതരം, ഹയർ സെക്കൻഡറി എന്നീ തുല്യതാകോഴ്സുകളാണ് ഈ പദ്ധതിയിലൂടെ ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായി വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നത്. സമനയപദ്ധതിയിലൂടെ സംസ്ഥാനത്തുടനീളം 250 ഓളം പഠിതാക്കൾ സാക്ഷരതാമിഷന്റെ വിവിധ കോഴ്സുകളിലായി പഠനം പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി ആദിവാസിമേഖലയെ സമ്പൂർണ്ണ സാക്ഷരതയിലെത്തിക്കുക എന്ന ലക്ഷ്യത്തോട ആരംഭിച്ച പദ്ധതിയാണ് അട്ടപ്പാടി സംമ്പൂർണ്ണ ആദിവാസി സാക്ഷരതാപദ്ധതി ഒന്നാംഘട്ടത്തിലൂടെ 1117 പേരെയും രണ്ടാം ഘട്ടത്തിലൂടെ 2553 പേരെയും വിവിധ ഊരുകളിൽനിന്നായി ആകെ 3670 പേരെ സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയിലൂടെ പഠിതാക്കൾക്ക് ക്ലാസ് നൽകുന്ന തിനായി ആദിവാസിവിഭാഗത്തിൽ നിന്നും അർഹമായ വിദ്യാഭ്യാസയോഗ്യതയുള്ളവരെയാണ് ഇൻസ്ട്രക്ടർമാരായി തെരെഞ്ഞെടുത്തിട്ടുള്ളത്.കണ്ണൂർ ജില്ലയിലെ അറളം ഫാമിലെ ആദിവാസികൾക്കായി, കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ച പ്രത്യേക സാക്ഷരതാപദ്ധത നിയാണ് 'ആദിശ്രീപദ്ധതി', സർവേയിലൂടെ കണ്ടെത്തിയ നിരക്ഷരരെ സാക്ഷരരാ ക്കുന്നതിനായി ആറളം ഫാമിലെ തന്നെ വി ദ്യാഭ്യാസയോഗ്യതയുള്ളവരെ കണ്ടെത്തി പ്രത്യേകപരിശീലനം നൽകി ഇൻസ്ട്രക്ടർമാരായി നിയോഗിച്ചിട്ടുണ്ട്. |
| (സി) | പരിസ്ഥിതി സാക്ഷരതാ പദ്ധതിയുടെ ഭാഗമായി സാക്ഷരതാ മിഷൻ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ; | (സി) | ബഹുജനങ്ങളിൽ പാരിസ്ഥിതികാവബോധം വളർത്തുന്നതിനുവേണ്ടി കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുട ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്ന പദ്ധതിയാണ് "പരിസ്ഥിതി സാക്ഷരത" ഇതിന്റെ ഭാഗമായി ജലസ്രോതസുകളുടെ സ്ഥിതിവിവരപഠനപരിപാടി സംസ്ഥാനത്ത് 2000 വാർഡുകളിൽ സംഘടിപ്പിച്ചു. പ്രസ്തുത സ്ഥിതിവിവര പഠനറിപ്പോർട്ടിന്റെ പ്രകാശനവും പരിസ്ഥിതി സെമിനാറും തിരുവനന്തപുരത്ത് 2017 നവംബർ 19, 20 തീയതികളിൽ ബഹു.മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സംഘടിപ്പിച്ചിരുന്നു. കാലാവസ്ഥ, മാലിന്യനിർമ്മാർജ്ജനം, മണ്ണ്, ജലം, ജൈവവൈവിധ്യം, ഹരിതഭവനം എന്നീ 6 മേഖലകളെ അടിസ്ഥാനപ്പെടുത്തി സംഘടിപ്പിച്ച സെമിനാറിൽ പരിസ്ഥിതി ശാസ്ത്രജ്ഞർ, പരിസ്ഥിതി പ്രവർത്തകർ, അക്കാദമിക വിദഗ്ധർ, |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ തുടങ്ങി വിവിധ മേഖലകളിലുള്ളവർ പങ്കെടുത്തു. പരിസ്ഥിതി സാക്ഷരതാപദ്ധതിയുടെ ഭാഗമായി സാക്ഷരതാമിഷന്റെ സംസ്ഥാനത്തെ 70,000-ത്തോളം പത്താംതരം, ഹയർസെക്കൻഡറി തുല്യതാപഠിതാക്കൾ മുഖേന സംസ്ഥാനത്തൊട്ടാകെ ജലവിനിയോഗം സംബന്ധിച്ച് ജലസാക്ഷരതാ ക്ലാസുകൾ നടത്തുന്നതിന് 2018 വർഷത്തിൽ 'ജലം' പാഠപുസ്തകം അച്ചടിച്ച് വിതരണം ചെയ്തു. |
| (ഡി) | മിഷൻ നടപ്പിലാക്കുന്ന തുല്യതാ കോഴ്സുകൾ സംബന്ധിച്ച വിശദാംശവും അവ നടപ്പിലാക്കുന്നതിലുണ്ടായ പുരോഗതിയും അറിയിക്കാമോ? | (ഡി) | കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി 2006 മുതലാണ് പത്താംതരം തുല്യതാ കോഴ്സ് ആരംഭിച്ചത്. പത്ത് മാസമാണ് കോഴ്സിന്റെ കാലയളവ്. മലയാളം മീഡിയത്തിനുപുറമേ തമിഴ്, കന്നഡ മീഡിയങ്ങളിലും ക്ലാസുകൾ നടന്നുവരികയാണ്.ലക്ഷദ്വീപിലും ഗൾഫ് രാജ്യമായ യു.എ.ഇ - യിലും പത്താംതരം തുല്യതാ കോഴ്സിന്റെ ക്ലാസുകൾ നടന്നുവരുന്നു. 17 വയസ്സാണ് കോഴ്സിൽ ചേരുന്നതിനുള്ള പ്രായപരിധി. ഔപചാരിക എഴാം ക്ലാസ് വിജയിച്ചവർ, സാക്ഷതാ മിഷന്റെ ഏഴാംതരം തുല്യത വിജയിച്ചവർ, പത്താംക്ലാസ് പരാജയപ്പെട്ടവർ തുടങ്ങിയവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 2006-07 അധ്യയന വർഷത്തിൽ ആരംഭിച്ച പത്താംതരം തുല്യതാ പദ്ധതിയുടെ 17 ബാച്ചുകൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഹയർസെക്കൻഡറി തുല്യത - സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിക്ക് ഹയർസെക്കൻഡറി തുല്യതാ കോഴ്സസിന് 2013-ൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകൾ അനുവദിച്ചു. 2015-ലാണ് ഹയർസ റെക്കൻഡറി തുല്യതാകോഴ്സസ് ആരംഭിച്ചത്. പത്താംതരം തുല്യതാകോഴ്സ് വിജയിച്ചവർക്കും ഔപചാരിക പത്താംക്ലാസ് വിജയിച്ചശേഷം പഠനം തുടരാൻ കഴിയാത്തവർക്കും ഔപചാരികതലത്തിലുള്ള പ്ലസ്ടു/പ്രീഡിഗ്രി കോഴ്സ് പൂർത്തിയാക്കി പരീക്ഷയിൽ പരാജയപെട്ടവർക്കും ഹയർസെക്കൻ ഡറി തുല്യതാ കോഴ്സസിൽ ചേർന്ന് പഠിക്കാവുന്നതാണ്. ഹയർസെക്കൻഡറി തുല്യതാ കോഴ്സിന്റെ എട്ട് ബാച്ചുകൾ പൂർത്തിയായി. |

സെക്ഷൻ ഓഫീസർ